പട്ടികജാതി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ നടപടി

103 [2972] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ എത്ര സഹകരണ സംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുവെന്നും എത്രയെണ്ണം തകർച്ചയെ നേരിടുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) തകർച്ചയെ നേരിടുന്ന പട്ടികജാതി സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 735.

(ബി) ഇതിൽ 478 സംഘങ്ങൾ പ്രവർത്തിക്കുന്നവയും 257 സംഘങ്ങൾ പ്രവർത്തിക്കാത്തവയുമാണ്.

(സി) ഉണ്ട്.

(ഡി) പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധാരണത്തിനുവേണ്ടി പ്രായോഗികമായി നടത്താവുന്ന പദ്ധതികൾ തയ്യാറാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് സഹകരണ വകുപ്പിന്റെയും, ഐ. സി. എം. ന്റെയും, എസ്. സി./എസ്. ടി. ഡെവലപ്മെന്റെയും, സംയുക്താഭിമുഖ്യത്തിൽ കണ്ണൂർ, തിരുവനന്തപുരം ഐ. സി. എം. കളിൽ വെച്ച് ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും അവയിൽ ഉരുത്തിരിഞ്ഞ ചർച്ചയുടെ അടിസ്ഥാനത്തിൽ സംഘങ്ങൾ തയ്യാറാക്കിയ പദ്ധതികൾക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിലായി എൻ. സി. ഡി. സി.-യിൽനിന്നും 24 സംഘങ്ങൾക്ക് 38.18 ലക്ഷം രൂപയും മാക്രോമാനേജ്മെന്റ് പദ്ധതിയിൽനിന്നും 135 സംഘങ്ങൾക്ക് 286.56 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

കാർഷിക വികസന ബാങ്കുകളിൽ നിലവിലുള്ള നിക്ഷേപ തുക

104 [2973] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര കാർഷിക വികസന ബാങ്കുകൾ ഉണ്ട്;

(ബി) പ്രസ്തുത ബാങ്കുകളിൽ ആകെ നിലവിൽ എത്ര തുകയുടെ നിക്ഷേപം ഉണ്ട്;

(സി) എത്ര അംഗങ്ങൾ പ്രസ്തുത ബാങ്കുകളിലെല്ലാം കൂടി നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly